# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 432
29-01-2019-ലെ മറുപടിയ്ക്ക്

**സാലറി ചാലഞ്ചിൽ പ്രതീക്ഷിച്ച തുക**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുള്ള | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) സാലറി ചാലഞ്ച് വഴി സർക്കാർ രണ്ടായിരത്തി ഇരുന്നൂറ്റി പതിനൊന്ന് കോടി രൂപ ലക്ഷ്യമിട്ടെങ്കിലും ലഭിച്ചത് 488 കോടി രൂപ മാത്രമാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | നൂറ്റാണ്ടുകണ്ട ഏറ്റവും ഭീതിദമായ പ്രളയത്തിൽ ദുരിതത്തിലായവർക്ക് കൈത്താങ്ങാകുന്നതിന് സമൂഹത്തിൽ താരതമ്യേന സുരക്ഷിതത്വം അനുഭവിക്കുന്ന വിഭാഗമെന്ന തരത്തിൽ സർക്കാർ ജീവനക്കാർ, അവർക്ക് ഭാരമാകാത്തവിധം ഗഡുക്കളായി ഒരു മാസത്തെ ശമ്പളം സംഭാവന നൽകണമെന്ന് അഭ്യർത്ഥിച്ചാണ് സാലറി ചലഞ്ച് പദ്ധതി പ്രഖ്യാപിച്ചത്. ആകെ 2200 കോടി രൂപയോളം 10 മാസം കൊണ്ട് സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ പലവിധകാരണങ്ങളാലും കുറച്ചുപേർ ഈ പദ്ധതിയിൽ നിന്നും വിട്ടു നിന്നു. 56.84 ശതമാനം പേരാണ് പദ്ധതിയിൽ ചേർന്നത്. ഇതിനോടകം 808 കോടി രൂപ സാലറി ചലഞ്ച് വഴി സമാഹരിച്ചുകഴിഞ്ഞിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ 1500 കോടി രൂപയെങ്കിലും സമാഹരിക്കാൻ കഴിയും. ദുരിതബാധിതർക്ക് ഇത് വലിയ തോതിൽ സഹായകരമാണ്. |
| ബി) എങ്കിൽ ഇത് പ്രതീക്ഷിച്ച തുകയുടെ 25% മാത്രമാണോ; മൊത്തം ജീവനക്കാരിൽ നിന്നും എത്ര ശതമാനം പേരാണ് സാലറി ചാലഞ്ചിൽ പങ്കെടുത്തത്; | |
| സി) സാലറി ചാലഞ്ച് നിർബന്ധമാക്കരുതെന്ന ഹൈക്കോടതി നിർദ്ദേശവും ഉയർന്ന ശമ്പളക്കാരിൽ ഭൂരിഭാഗവും സാലറി ചാലഞ്ചിൽ നിന്നും വിട്ടുനിന്നതും പ്രതീക്ഷിച്ച തുക ലഭിക്കാത്തതിന് കാരണമാണോ; | |
| ഡി) അല്ലെങ്കിൽ പ്രതീക്ഷിച്ച തുക ലഭിക്കാത്തതിന്റെ കാരണങ്ങളുടെ വിശദാംശങ്ങൾ നൽകുമോ? | |

സെക്ഷൻ ഓഫീസർ